92 (3417) കേരകൃഷി വികസിപ്പിക്കുന്നതിന് പദ്ധതി

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് തടയാൻ കൊപ്ര ഇറക്കുമതി നിയന്ത്രിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) ആണ്ടുതോറുമുള്ള വളം ചേർക്കൽ, ജലസേചനം, തറവെട്ടി കിളപ്പിക്കുക മുതലായ പണികൾക്കുവേണ്ടി ആദായം മതിയാകാത്ത സ്ഥിതിയിൽ കർഷകനെ ഇതിലെല്ലാം സഹായിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(സി) ഇല്ലെങ്കിൽ പദ്ധതികൾ ആവിഷ്കരിച്ച് കേരകൃഷി കേരളത്തിൽ നിലനിർത്തുമോ?

ഉത്തരം

(എ) കൊപ്രയുടെ ഇറക്കുമതി നിയന്ത്രിക്കേണ്ടത് കേന്ദ്രസർക്കാരാണ്. യാതൊരു കാരണവശാലും കൊപ്ര ഇറക്കുമതി ചെയ്യരുതെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നാളികേര വികസനത്തിനായി നടപ്പുസാമ്പത്തികവർഷം സംസ്ഥാന ഗവൺമെന്റ് 850 ലക്ഷം രൂപ അടങ്കൽ തുകയുള്ള നാളികേര വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സാമൂഹിക ജലസേചനം, പമ്പുസെറ്റ് വിതരണം, ശാസ്ത്രീയ വളപ്രയോഗം എന്നിവയ്ക്ക് ടി പദ്ധതിപ്രകാരം കേരകർഷകർക്ക് സഹായധനം അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ സംയോജിത നാളികേര വികസന പദ്ധതിയും നടപ്പാക്കിവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

93 (3418) കേരഫെഡിന്റെ പ്രവർത്തനം

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് എന്ന അപ്പെക്സ് സഹകരണസംഘം ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) കേരഫെഡിന്റെ കീഴിൽ എത്ര പ്രൈമറി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവയ്ക്ക് ഓരോന്നിനും കേരഫെഡ് എത്ര തുക ഷെയർ മൂലധനം ആയി നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത പ്രൈമറി സംഘങ്ങൾ കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് കൊപ്ര സംഭരിക്കുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly